കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകളും നിയമനങ്ങളും

151 (7448) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി അസിസ്റ്റന്റുമാരുടെ ജില്ലതിരിച്ചുള്ള തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) കൃഷി അസിസ്റ്റന്റുമാരുടെ നിയമനം നിലവിൽ ഏതെല്ലാം വകുപ്പുകളിലാണ് നടക്കുന്നത് ;

(സി) 2014 ജൂൺ മാസം വരെ എത്ര കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർമാരായി പ്രൊമോഷൻ ലഭിച്ചിട്ടുണ്ട് ;

(ഡി) പ്രൊമോഷൻ നൽകുകവഴിയുണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്നത്തേക്ക് റിപ്പോർട്ട് ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) കൃഷി അസിസ്റ്റന്റുമാരെ എ.എഫ്.ഒ. ആയി പ്രൊമോഷൻ നൽകിയ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) കൃഷിവകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 3125 കൃഷി അസിസ്റ്റന്റിന്റെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കൃഷി അസിസ്റ്റന്റ് തസ്തികയിലെ നിയമനം സംസ്ഥാനാടിസ്ഥാനത്തിലാണ്. ജില്ല തിരിച്ചുള്ള തസ്തികകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്.

(ബി) കൃഷി അസിസ്റ്റന്റുമാരുടെ നിയമനം കൃഷിവകുപ്പിലാണ് നടക്കുന്നത്. എന്നാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകൾ, നിയമസഭ, രാജ്ഭവൻ, കാർഷിക കടാശ്വാസ കമ്മീഷൻ എന്നിവിടങ്ങളിൽ കൃഷി അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട്.

(സി) 2014-ൽ ജൂൺ മാസംവരെയുള്ള കാലയളവിൽ 68 പേർക്ക് കൃഷി ഓഫീസർമാരായി പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്.

(ഡി) കൃഷി അസിസ്റ്റന്റ് തസ്തികയിൽനിന്ന് കൃഷി ഓഫീസർ തസ്തികയിലേക്ക് നടത്തിയ പ്രൊമോഷനിലൂടെയുണ്ടായ 68 ഒഴിവുകളിൽ 48 ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി നീക്കിവച്ചശേഷമുള്ള 20 ഒഴിവുകൾ ഇതിനകം പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

(എഫ്) ഇല്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly